LIBRARY ARCHIVES Kerala Legislative Assembly

സംഭരണ ഏജൻസികൾക്കുള്ള പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് റബ്ബർ സംഭരണം അടിയന്തരമായി പുനരാരംഭിക്കുന്നതിനായി സ.ഉ.(എംഎസ്.) നമ്പർ 176/2014/കൃഷി തീയതി, 16-8-2014 പ്രകാരം 10 കോടി രൂപ 'വില സ്ഥിരതയ്ക്കു വേണ്ടി വിപണി ഇടപെടൽ പദ്ധതി'പ്രകാരം അധികമായി അനുവദിച്ചുകൊണ്ട് 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും, റബ്ബർ മാർക്കിനും അനുവദിച്ചു നൽകുകയും, റബ്ബർ സംഭരണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 304/2014/കൃഷി തീയതി, 15-2-2014 പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ നിരക്കിൽ നൽകുന്ന കൈകാര്യച്ചെലവ് 9 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. 2015-16-ൽ റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി സ.ഉ. (എംഎസ്.)നമ്പർ 41/2015 തീയതി, 11-3-2015 പ്രകാരം കൃഷി വകുപ്പിന്റെ വില സ്ഥിരതക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം 1 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും, റബ്ബർ മാർക്കിനും അനുവദിച്ചു നൽകിയിട്ടുണ്ട്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 20 ശതമാനമോ, കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്നത് ഉയർത്തിക്കൊണ്ട് 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്ക് കേന്ദ്രസർക്കാർ തീരുമാനമായിട്ടുണ്ട്.

നാളികേര കർഷകരിൽ നിന്നുള്ള വിത്തുതേങ്ങ സംഭരണം

163 (1532) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നാളികേര കർഷകരിൽനിന്നും വിത്തുതേങ്ങ സംഭരണത്തിനായി എത്ര തുകയാണ് കഴിഞ്ഞ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത് എന്നും ഈ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്നും വിശദമാക്കുമോ ;

(ബി) നാളികേര കർഷകർക്ക് വിത്തുതേങ്ങ സംഭരണയിനത്തിൽ ലഭിക്കേണ്ട തുക യഥാസമയത്ത് ലഭിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലമാണ് വിത്തുതേങ്ങയുടെ വില കൃത്യ സമയത്ത് കർഷകർക്ക് ലഭിക്കാത്തത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓരോ സാമ്പത്തിക വർഷവും നടപ്പിലാക്കുവാൻ അനുമതി ലഭിക്കുന്ന കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ പ്രകാരമാണ് കർഷകരിൽനിന്നും വിത്തുതേങ്ങ സംഭരിക്കുന്നത്. 2014-15 വർഷത്തിൽ വിത്തുതേങ്ങ സംഭരണത്തിനായി 147.60 ലക്ഷം രൂപ താഴെ പറയും പ്രകാരം അനുവദിച്ചിരുന്നു :

1. റീജിയണൽ കോക്കനട്ട് നഴ്സറി സ്ഥാപിക്കൽ (50% കേന്ദ്രാവിഷ്കൃത പദ്ധതി) -30 ലക്ഷം രൂപ.

2. ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ഉത്പാദനവും വിതരണവും (സംസ്ഥാനാവിഷ്കൃത പദ്ധതി) 88 ലക്ഷം രൂപ.

3. DxT/TxD സങ്കരയിനം തെങ്ങിൻതൈകളുടെ ഉത്പാദനം (50% കേന്ദ്രാവിഷ്കൃത പദ്ധതി)-29.60 ലക്ഷം രൂപ.

അപ്രകാരം ആകെ അനുവദിച്ച 147.60 ലക്ഷം രൂപയിൽ 147.36541 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 31-3-2015-ന് മുമ്പ് താഴെ പറയും പ്രകാരം ചിലവഴിച്ചു :

1. റീജ്യണൽ കോക്കനട്ട് നഴ്സറി സ്ഥാപിക്കൽ (50% കേന്ദ്രാവിഷ്കൃത പദ്ധതി) - 29.98205 ലക്ഷം രൂപ.

2. ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ഉത്പാദനവും വിതരണവും (സംസ്ഥാനാവിഷ്കൃത പദ്ധതി)-87.78606 ലക്ഷം രൂപ.

3. DxT/TxD സങ്കരയിനം തെങ്ങിൻതൈകളുടെ ഉത്പാദനം (50% കേന്ദ്രാവിഷ്കൃത പദ്ധതി)-29.59730 ലക്ഷം രൂപ.

(ബി) ഉണ്ട്.

എല്ലാ സാമ്പത്തിക വർഷവും മാർച്ചിനുമുമ്പ് വിത്തുതേങ്ങ സംഭരിച്ച വകയിൽ കർഷകർക്ക് നൽകുവാൻ ബാക്കി തുക ഉണ്ടെങ്കിൽ ആയതും ഏപ്രിൽ,

LIBRARY ARCHIVES Kerala Legislative Assembly

മേയ് മാസങ്ങളിലായി വിത്തുതേങ്ങ സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള തുകയും തുടർന്നുള്ള/അടുത്ത സാമ്പത്തിക വർഷത്തിൽ അതാത് പദ്ധതികൾക്കായി അനുവദിച്ച തുകയിൽ നിന്നും കർഷകർക്ക് വിതരണം ചെയ്യുന്ന രീതിയാണ് തുടർന്ന് വരുന്നത്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

റബ്ബർ വിലത്തകർച്ച

164 (1533) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വിലത്തകർച്ചയിൽനിന്നും റബ്ബർ കർഷകരെ രക്ഷിക്കാൻ ആവിഷ്കരിച്ച നടപടികളെല്ലാം പരാജയപ്പെട്ടുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നിലപാട് വ്യക്തമാക്കാമോ ;

(ബി) റബ്ബർ കർഷകരെ രക്ഷിക്കാനായി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചു എന്ന് വിശദമാക്കാമോ ;

(സി) ചെലവഴിച്ച തുകയുടെ പ്രയോജനം റബ്ബർ കർഷകർക്കല്ല മറിച്ച് ടയർ കമ്പനികൾക്കും വ്യവസായികൾക്കുമാണ് ലഭിച്ചത് എന്ന ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച് അഭിപ്രായം വ്യക്തമാക്കാമോ ?

ഉത്തരം

(എ) റബ്ബർ കർഷകരെ രക്ഷിക്കാൻ ആവിഷ്കരിച്ച നടപടികൾ പരാജയപ്പെട്ടിട്ടില്ല. വിപണിയിൽ റബ്ബറിന്റെ വില ഒരു പരിധിവരെ പിടിച്ചു നിർത്താൻ റബ്ബർ സംഭരണ നടപടികൾ സഹായകരമായിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷം കൃഷി വകുപ്പിന്റെ വില സ്ഥിരതയ്ക്കു വേണ്ടി വിപണി ഇടപെടൽ പദ്ധതിപ്രകാരം ആകെ 12 കോടി രൂപയാണ് റബ്ബർ സംഭരണത്തിനായി സംഭരണ ഏജൻസികൾക്ക് അനുവദിച്ചു നൽകിയിട്ടുള്ളത്. അതു പ്രകാരം 6 കോടി രൂപ വീതമാണ് മാർക്കറ്റ് ഫെഡിനും റബ്ബർ മാർക്കിനും അനുവദിച്ചിട്ടുള്ളത്.

852/2017.

LIBRARY ARCHIVES Kerala Legislative Assembly